# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.15** | **05.03.2012 ൽ മറുപടിക്ക്**

### ഭവന നിർമ്മാണ ബോർഡിന്റെ പ്രോജക്റ്റുകൾ

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.റ്റി.യു. കുരുവിള<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്. തോമസ് | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും, നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| **എ.** സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കീഴിൽ മുടങ്ങിക്കിടക്കുന്ന പ്രോജക്റ്റുകൾ എവിടെയൊക്കെയാണ്; | **എ.** തൊടുപുഴ റവന്യൂ ടവർ പദ്ധതി, തിരുവനന്തപുരം ഹാബിറ്റാറ്റ് സെന്റർ, ആക്കുളം ഉപഗ്രഹ നഗര പദ്ധതി എന്നിവയാണ് സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കീഴിൽ മുടങ്ങിക്കിടക്കുന്ന പദ്ധതി കൾ. |
| **ബി.** ഇവ ഏറ്റെടുത്ത് നടത്തുന്നതിന് സ്വകാര്യ സംരംഭകർക്ക് അനുവാദം നൽകുമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | **ബി** സ്വകാര്യ സംരംഭകർ മുഖേന ജോയിന്റ് വെൻച്വർ പ്രോജക്ടിലും, പബ്ളിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് സ്കീമിലും ഭവന നിർമ്മാണ ബോർഡിന് ഏർപ്പെടാനുതകും വിധം 1971-ലെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആക്ടിൽ സെക്ഷൻ36(A) ഉൾപ്പെടു ത്തിക്കൊണ്ടുള്ള ഭേദഗതി ഓർഡി നൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതി ന്റെ അടിസ്ഥാനത്തിൽ സ്വകാര്യ സംരംഭകരുമായിച്ചേർന്ന് മുടങ്ങിക്കി ടക്കുന്ന പ്രോജക്ടുകൾ പുനരാവി ഷ്ക്കരിക്കാൻ ഭവന നിർമ്മാണ ബോർഡ് നടപടി എടുത്തുവരുക യാണ്. |

**സി**. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പ്രോജക്റ്റുകൾ എവിടെയൊക്കെയാണ്; ഇതിനായി ബോർഡിന്റെ കൈവശം എവിടെയൊക്കെ ഭൂമിയുണ്ടെന്ന് വ്യക്തമാക്കുമോ;

**സി** ഭൂരഹിത-ഭവനരഹിതർക്കായി വിവിധ ജില്ലകളിലായുള്ള സാഫല്യം ഭവന പദ്ധതി, കാസർ ഗോഡ് ജില്ലയിൽ സർക്കാർ ജീവനക്കാർക്കുവേണ്ടിയുള്ള ഭവന പദ്ധതി എന്നിവയാണ് ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ. സാഫല്യം ഭവന പദ്ധതിയ്ക്കായി ബോർഡിന്റെ കൈവശം താഴെ പറയുന്ന സ്ഥലങ്ങളിൽ ഭൂമി ലഭ്യമാണ്:-

| Location of Land | Area of Land |
|---|---|
| Chathannur in Kollam District | 39.14 cents |
| Chettikulangara in Alappuzha District | 1.043 acres |
| Meenachil,<br>Akalakunnam and<br>Erumeli<br>in Kottayam District | 41.3 acres<br>2.48 acres<br>51.27 cents |
| Pudukad in Thrissur District | 50.69 cents |
| Kattappana in Idukki District | 48.85 cents |
| Chelannur in Kozhikode District | 56.86 cents |
| Thiruvali in Malappuram District | 44.22 cents |
| Elappully in Palakkad | 51 cents |

കാസർ ഗോഡ് ജില്ലയിൽ സർക്കാർ ജീവനക്കാർക്കുവേണ്ടി നടപ്പിലാക്കുന്ന ഭവന പദ്ധതിയ്ക്കായി ഭവന നിർമ്മാണ ബോർഡിന്റെ ഭൂമി ലഭ്യമല്ല. ഇതിനായി സർക്കാർ ഭൂമി ലഭ്യമാക്കിയിട്ടുണ്ട്.

**ഡി.** ബോർഡ് പലിശയിലും പിഴപ്പലിശയിലും ഇളവു നൽകി ഒറ്റത്തവണ തീർപ്പാക്കൽ നടപ്പാക്കുമോ?

**ഡി.** 07.02.2004 മുതൽ ഭവന നിർമ്മാണ ബോർഡിൽ നടപ്പിലാക്കി വരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പലിശയിൽ ഇളവു നൽകിയിട്ടില്ല. എന്നാൽ സാമ്പത്തികമായുള്ള ദുർബല വിഭാഗങ്ങൾക്കും (EWS), താഴ്ന്ന വരുമാന വിഭാഗങ്ങൾക്കും (LIG), ഇടത്തര വരുമാന വിഭാഗങ്ങൾക്കും (MIG), ഉയർന്നവരുമാന വിഭാഗങ്ങൾക്കും (HIG) ഉള്ള ഭവന

പദ്ധതികളിലേയും ജൂബിലി, ഹയർ പർച്ചേസ് എന്നീ പദ്ധതികളിലേയും ഗുണഭോക്താക്കൾക്ക് പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ